# Chicago Knanaya Catholic Parish Bulletin

**Sacred Heart Knanaya Catholic Church,** 611 Maple St., Maywood, IL 60153
**St. Mary's Knanaya Catholic Parish Unit,** 5212 W. Agatite Ave, Chicago, IL 60630
**February 21, 2010, Vol. 5, Issue 22**
**All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm**


## മലങ്കര കുർബ്ബാനയും യാത്രയയപ്പും



MOST REV. THOMAS MAR DIOSCOROSE METROPOLITAN
OTTATHYCKAL.
II[nd] BISHOP OF KNANAYA DIOCESE CHINGAVANAM.



Bishop Joseph Mar Thomas

ഒറ്റത്തൈക്കൽ തോമസ് മോർ ദീയോസ്കോറസ് മെത്രാപ്പോലീത്തായുടെ അനുസ്മരണയ്ക്കായി ഫെബ്രുവരി 20 ശനിയാഴ്ച രാവിലെ 10:00 ന് നമ്മുടെ പള്ളിയിൽ സീറോ മലങ്കര റീത്തിൽ ബിഷപ്പ് ജോസഫ് മാർ തോമസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ ദിവ്യബലി ഉണ്ടായിരിക്കും. തുടർന്നു ചേരുന്ന സമ്മേളനത്തിൽ ബത്തേരി രൂപതാദ്ധ്യക്ഷനായി പോകുന്ന ജോസഫ് മാർ തോമസ് തിരുമേനിക്ക് യാത്രയയപ്പും നല്കുന്നതാണ്. ഏവർക്കും സ്വാഗതം.

## RELIGIOUS EDUCATION FESTIVAL

On Saturday,
March 6th at 6:00 P.M.
**Taft High School,**
6530 W. Bryn Mawr Ave, Chicago

**Theme: "The Mysteries of the Holy Rosary"**
Chief Guest:
**Bishop Mar Jacob Angadiath**



## ANNUAL RETREAT

Our combined annual retreat for both Sacred Heart and St. Mary's shall be from Thursday, March 11 to Sunday 14, 2010. Rev. Fr. Soichan Mullamangalam will lead the adult retreat.

Schedule: Thursday from 6:30 P.M. to 9:00 P.M. at Community Center. Friday from 11:00 A.M. to 9:00 P.M at Maywood Church. Saturday 10:00 A.M. to 8:00 P.M. and Sunday from 10:00 A.M. to 7:00 P.M. at Maywood.

We will have separate retreat for youth, teenagers, and children in Maywood Church starting on Friday evening from 6:30 P.M. and will continue during the adult retreat.

Baby sitting facility and food will be available for participants.





Photo Above:
Children of St. Mary's Knanaya Catholic Parish Unit after giving their Piggy Bank contribution for the second church in Morton Grove, with vicar Fr. Abraham Mutholath and Fundraising Committee leaders.

Photo Left:
Memorial service for the deceased at Maywood church on the last Friday of the Period of Denaha.

## PASTOR / VICAR

**Fr. Abraham Mutholathu Jacob**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M. at Maywood.**
**ENGLISH MASS at 11:30 A.M. at Maywood.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago.**
**THURSDAY 7:00 P.M. Community Center.**
**FRIDAY 7:00 P.M. at Maywood.**
**SATURDAY 10:00 A.M. at Maywood.**

## SYRO-MALANKARA MASS

**Third Sundays of the month at 8:30 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## SACRAMENT OF RECONCILIATION (CONFESSION)

**Every Sunday from 10:00 A.M. at Maywood.**
**First and Third Sundays from 3:45 P.M. at OLV.**

## ADORATION

**ALL: First Fridays after Mass.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**

February 2010

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | | | | | | |

# Schedule of Events

### FRIDAY, FEBRUARY 19, 2010

Holy Mass, Novena of St. Michael and Way of the Cross at Maywood at 7:00 P.M.

### SATURDAY, FEBRUARY 20, 2010

Syro-Malankara Mass in memory of Mar Dioscorose Ottathyckal at Maywood Church at 10:00 A.M. by His Excellency Bishop Joseph Mar Thomas.
Novena after Holy Mass.
Send off meeting for Bishop Joseph Mar Thomas at the parish hall after the Holy Mass.

### SUNDAY, FEBRUARY 21, 2010

Holy Mass at Maywood at 10:00 A.M.
Religious Education Class and rehearsal for Religious Education Festival at 10:00 A.M. at Maywood.
English Mass at Maywood at 12:15 A.M.
Religious Education Class and rehearsal for festival at OLV for St. Mary's School at 3:00 P.M.
Holy Mass at OLV Church at 5:30 P.M.
St. Stephen's Koodara Yogam at the house of Saji Erapurath at 7:00 P.M..

### THURSDAY, FEBRUARY 25, 2010

Holy Mass, Novena, and Way of the Cross at Community Center at 7:00 P.M.

### FRIDAY, FEBRUARY 26, 2010

Holy Mass and Way of the Cross at Maywood at 7:00 P.M.

### SATURDAY, FEBRUARY 27, 2010

Holy Mass and novena at Maywood at 10:00 A.M.

### SUNDAY, FEBRUARY 28, 2010

Holy Mass at Maywood at 10:00 A.M.
Religious Education Class and rehearsal for Religious Education Festival at 10:00 A.M. at Maywood.
English Mass at Maywood at 12:15 A.M.
Religious Education Class and rehearsal for festival at OLV for St. Mary's School at 3:00 P.M.
Holy Mass at OLV Church at 5:30 P.M.
Women Ministry Meeting at OLV after 5:30 P.M. Mass

### THURSDAY, MARH 4, 2010

Holy Mass, Novena, and Way of the Cross at Community Center at 7:00 P.M.

### FRIDAY, MARCH 5, 2010

Holy Mass, Adoration by St. Joseph Koodara yogam and Way of the Cross at Maywood at 7:00 P.M.

### SATURDAY, MARCH 6, 2010

Holy Mass and novena at Maywood at 10:00 A.M.
**Religious Education Festival** at **Taft High School**, 6530 W. Bryn Mawr Ave, Chicago. Chief Guest: Bishop Mar Jacob Angadiath.

### SUNDAY, MARCH 7, 2010

Holy Mass at Maywood at 10:00 A.M.
Religious Education Class at 10:00 A.M. at Maywood.
English Mass at Maywood at 11:40 A.M.
Blood Drive at Maywood by Yuvajana Vedi at 11:40 A.M.
Religious Education Class at OLV for St. Mary's School at 3:45 P.M.
Holy Mass at OLV Church at 5:30 P.M.
St. Alphonsa Koodara Yogam at the house of Jose Thazhathuvettathu at 7:30 P.M.



# വികാരിയുടെ സന്ദേശം

## ക്നാനായക്കാർ: ഒരപൂർവ്വ സഭാധിഷ്ഠിത സമുദായം

എന്റെ പ്രിയ സഹോദരങ്ങളേ,

ലോക ചരിത്രത്തിൽ സംഘടിത കുടിയേറ്റങ്ങൾ അനവധി ഉണ്ടായിട്ടുണ്ടെങ്കിലും സഭാധിഷ്ഠിതമായുണ്ടായ അപൂർവ പ്രേഷിത കുടിയേറ്റമാണ് ക്നാനായക്കാരുടേത്. മാത്രമല്ല, സഭയുടെ സംരക്ഷണയിലും ഘടനയിലും വംശശുദ്ധി പാലിച്ചുകൊണ്ട് നിലനിൽക്കുകയും കരുത്താർജിക്കുകയും ചെയ്യുന്ന അപൂർവ്വ സമുദായമാണു നമ്മുടേത്.

മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ഭാരത സഭയിലെ വിശ്വാസികൾ നാലാം നൂറ്റാണ്ടിൽ വൈദികരില്ലാതെ വിഷമിച്ചപ്പോൾ ക്നായിതോമ്മായോടുള്ള അവരുടെ അഭ്യർത്ഥനയാണ് ക്നാനായ കുടിയേറ്റത്തിനു നിമിത്തമായത്. അങ്ങനെ കേരള സഭയുടെ അജപാലന ആവശ്യം എദ്ദേസ്സായിലെ കൽദായ സഭയിൽ അറിയിച്ചപ്പോൾ അവിടുത്തെ കാതോലിക്കോസ് വിളിച്ചുകൂട്ടിയ സൂനഹദോസിൽനിന്നാണ് 72 കുടുംബക്കാരുടെ അകമ്പടിയോടെ ഒരു മെത്രാനെയും നാലു വൈദികരെയും സഭാശുശ്രൂഷയ്ക്കുവേണ്ടി ഭാരത സഭയിലേയ്ക്കയക്കുവാൻ തീരുമാനമായത്.

അതുവരെ പരസ്പര ബന്ധമില്ലാതെ പല സ്ഥലങ്ങളിലായി അധിവസിച്ചിരുന്ന 72 കുടുംബക്കാർ സാഹസികതയോടെ ഈ പ്രേഷിത കുടിയേറ്റത്തിനു സ്വയം സന്നദ്ധരായി പലവട്ടം പരസ്പരം കൂടി ആലോചിക്കുകയും യാത്രയ്ക്കൊരുങ്ങുകയും സംഘടിതമായി മൂന്നു കപ്പലിൽ സുദീർഘമായ കടൽയാത്രനടത്തുകയും തങ്ങൾക്ക് അപരിചിതമായിരുന്ന രാജ്യത്ത് വാസമുറപ്പിക്കുകയും ചെയ്തപ്പോൾ അവർ അറിഞ്ഞും അറിയാതെയും ഇഴയടുപ്പമുള്ള സമുദായമായി മാറി.

സഭാപരമായ കാരണങ്ങളാൽ പ്രേഷിത കുടിയേറ്റം മൂലം ഉത്ഭവിച്ച ഈ സമുദായം പള്ളികേന്ദ്രീകൃതമായാണ് സാമുദായിക സാന്ദ്രത പരിപോഷിപ്പിച്ചത്. അവർ ആദ്യം വാസമുറപ്പിച്ച കൊടുങ്ങല്ലൂരിൽ പരിശുദ്ധ അമ്മയുടെയും മാർ തോമ്മാശ്ലീഹായുടെയും വിശുദ്ധ കുര്യാക്കോസിന്റെയും നാമത്തിൽ മൂന്നു ദൈവാലയങ്ങൾ സ്ഥാപിച്ചു. പിന്നീട് അവർ കുടിയേറിയ സ്ഥലങ്ങളിലെല്ലാം സ്വന്തം ഭവനത്തേക്കാൾ പ്രാധാന്യം നല്കി ദൈവാലയങ്ങൾ സ്ഥാപിക്കുകയും സമർപ്പിതരുടെ സഭാശുശ്രൂഷ സ്വീകരിക്കുകയും അവർക്കു വിധേയരായി ജീവിക്കുകയും ചെയ്തുപോരുന്നു. അനുദിന ദിവ്യബലിയർപ്പണവും ഇടവക കേന്ദ്രീകൃത ജീവിതവും അവരുടെ സാമുദായിക കൂട്ടായ്മ വർദ്ധിപ്പിച്ചു. ഇതര സമുദായങ്ങളുമായി വിവാഹ ബന്ധത്തിൽ ഏർപ്പെടുകില്ലെങ്കിലും മറ്റുള്ളവരുമായി നല്ല സാമൂഹ്യബന്ധം അവർ നിലനിർത്തിപ്പോരുകയും ക്നാനായ പള്ളികളുടെ സേവനം എല്ലാവർക്കും ലഭ്യമാക്കുകയും ചെയ്യുന്നു.

ക്നാനായ സമുദായത്തെ പിളർത്തിയ 1653ലെ കൂനൻ കുരിശു സത്യം സഭാപരമായ പ്രതിസന്ധിയിൽനിന്നുണ്ടായതാണ്. "കാലോചിതംപോലെ നല്ല ആബൂന്മാരെ" എത്തിക്കുമെന്ന കാതോലിക്കോസിന്റെ വാഗ്ദാനപ്രകാരം തങ്ങളുടെ പൂർവ്വികരുടെ ദേശത്തുനിന്ന് തുടർച്ചയായി പതിനേഴാം നൂറ്റാണ്ടുവരെ ലഭിച്ചിരുന്ന പ്രകാരം കൊച്ചിയിലേയ്ക്കുവന്ന മെത്രാനെ കരയിലിറക്കുവാൻ മടിച്ച പോർത്തുഗീസുകാർക്കും സുറിയാനി സഭയുടെ തനിമ നശിപ്പിച്ച അന്നത്തെ ലത്തീൻ സഭാധികാരികൾക്കുമെതിരെ മട്ടാഞ്ചേരിയിൽ നടന്ന കൂനൻ കുരിശു സത്യമാണ് ക്നാനയക്കാരുടെ നിർഭാഗ്യകരമായ വിഭജനത്തിനു കാരണമായത്. അന്നു മുതൽ ക്നാനായക്കാർ രണ്ടു സഭാധിഷ്ഠിത കൂട്ടായ്മകളായി മാറി. അവ ഇന്നും ഒരു വംശത്തിന്റെ രണ്ടു സമുദായംപോലെ കഴിയുവാൻ കാരണം ഈ സമുദായം സഭാധിഷ്ഠിതമാണെന്നതാണ്.

ക്നാനായ കത്തോലിക്കരെന്നു നിലയിലും ക്നാനായ യാക്കോബായക്കാർ എന്നു നിലയിലും സഭാ തണലിലും സഭാ സംവിധാനത്തിലും സഭാ പ്രവർത്തനങ്ങളിൽ മുഴുകിയുമാണ് നാം സാമുദായികമായി നിലനിൽക്കുന്നത്. അതിന് അനുകൂല സാഹചര്യം ഒരുക്കുന്ന കത്തോലിക്കാ സഭയോടും അന്ത്യോക്യൻ സിംഹാസനത്തോടും ഈ സമുദായം ഏറെ കടപ്പെട്ടിരിക്കുന്നു. പള്ളി പ്രവർത്തനങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഈ സമുദായം പണ്ടേ മറ്റു സമുദായങ്ങളിൽ ലയിച്ച് അപ്രത്യക്ഷമാകുമായിരുന്നു. അതിനുള്ള തെളിവാണ്, ക്നാനായക്കാർ കുടിയേറിയെങ്കിലും ക്നാനായ പള്ളികൾ ഇല്ലാതെപോയതിനാൽ ക്നാനായ ഐഡന്റിറ്റി നഷ്ടപ്പെട്ട തൃശൂർ, ചാലക്കുടി പോലുള്ള കേരളത്തിലെ ചില പ്രദേശങ്ങൾ.

പള്ളി പ്രവർത്തനങ്ങൾ ക്നാനായ കൂട്ടായ്മ വർദ്ധിപ്പിക്കുവാനും സാമുദായിക അച്ചടക്കം നിലനിർത്തുവാനും സമഗ്ര പുരോഗതി കൈവരിക്കുവാനും നിർണ്ണായക പങ്കു വഹിച്ചുപോരുന്നു. സമുദായത്തിന്റെ സഭയെന്നു നിലയിൽ ക്നാനായ ഇടവകകളും രൂപതയും വിശ്വാസികളുടെ അജപാലന ശുശ്രൂഷയുടെ ഭാഗമായി ആത്മീയവളർച്ചയോടൊപ്പം ഭൗതിക വികസനത്തിനും വേണ്ടതെല്ലാം ചെയ്തുപോരുന്നു.

മെച്ചപ്പെട്ട മേഖലകൾതേടി കോട്ടയം അതിരൂപതയുടെ അതിർത്തിവിട്ടു ക്നാനായ മക്കൾ കുടിയേറിയപ്പോൾ അവർ ക്നാനായ വൈദികരുടെ സേവനം തേടിയിട്ടുണ്ട്. അവ വേണ്ടുവോളം ലഭ്യമാക്കുവാൻ നമ്മുടെ അതിരൂപത ശ്രമിച്ചിട്ടുമുണ്ട്. എങ്കിലും അത്തരം പ്രദേശങ്ങളിൽ ക്നാനായ പള്ളികൾ സ്ഥാപിക്കുവാ

### നുറുങ്ങുവെട്ടം

**സമുദായമാകുന്ന വള്ളിച്ചെടിയ്ക്ക് ഉയരണമെങ്കിൽ സഭാവൃക്ഷത്തിന്റെ കരുത്തുള്ള ശിഖരങ്ങൾ വേണം.**



# നാട്ടിൽ ഭക്തിയേറുന്നു; ഇവിടെയും



**സജി പൂത്രുക്കയിൽ**

ചരിത്രം ഉറങ്ങുന്ന കടുത്തുരുത്തി വലിയ പള്ളിയിലെ വലിയ തിരുന്നാളിനോടനുബന്ധിച്ച് നടന്ന ചരിത്രപ്രസിദ്ധമായ പുറത്തുനമസ്കാരം ഈ വർഷം മുഴുവനായി കൂടുവാൻ ഭാഗ്യം ലഭിച്ചു. അന്യാദൃശ്യവും അനുഗ്രഹദായകവുമായ പുറത്തുനമസ്കാരം കൂടുമ്പോഴുണ്ടാകുന്ന ആദ്ധ്യാത്മികാനുഭൂതി പറഞ്ഞറിയിക്കാൻ വയ്യാത്തതാണ്. കടുത്തുരുത്തി വലിയപള്ളിയുടെ പുറത്ത് ഒറ്റക്കല്ലിൽ തീർത്ത കരിങ്കൽ കുരിശിൻ ചുവട്ടിൽ പ്രധാന തിരുന്നാളിന്റെ തലേരാത്രി വൈദിക ശ്രേഷ്ഠരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പുറത്തുനമസ്കാരത്തിൽ പങ്കെടുക്കുന്നത് നാനാജാതിമതസ്ഥരായ ആയിരങ്ങളാണ്.

സുറിയാനിയിലുള്ള കാനോന നമസ്കാരത്തിലെ ചില ഭാഗങ്ങൾ മലയാളത്തിലുള്ള പ്രാർത്ഥനകളുമായി കൂട്ടി ചേർത്ത് കാർമ്മികൻ നാഥാ ഞങ്ങളെല്ലാം യാചിക്കുന്നു എന്നു കേണപേക്ഷിക്കുമ്പോൾ കൈകൾകൂപ്പി മുട്ടിൻമേൽ നില്ക്കുന്ന ഭക്തജനങ്ങൾ നാഥാ കനിയണമേ എന്ന യാചനാഗാനം ഹൃദയസ്പർശകമായി ഏറ്റുപാടുന്നു. ദൈവത്തിന്റെ കാരുണ്യവും അവിടുത്തെ നന്മകളും ധാരാളമായി സ്വീകരിച്ച നമ്മുടെ ഇടയിൽനിന്നു പാപവും അനീതിയും അക്രമവും അകറ്റിത്തരണമെന്നും, ദൈവകോപത്തിൽനിന്നും ശിക്ഷകളിൽ നിന്നും വിമോചിപ്പിക്കണമെന്നും, അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും അനുരഞ്ജനത്തിന്റെയും ആഹ്വാനം സ്വീകരിച്ച് ജീവിത പരിവർത്തനത്തിലേക്ക് തങ്ങളെ നയിക്കണമെന്നും പുറത്തുനമസ്കാര പ്രാർത്ഥനയിൽ ഉടനീളം ഭക്തജനങ്ങൾ ഏറ്റുചൊല്ലുന്നു.

പുറത്തുനമസ്കാരസമയത്തും അതിനു മുമ്പും പിമ്പുമായി ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനായി കടുത്തുരുത്തി മുത്തിയമ്മയോട് പ്രാർത്ഥിച്ചുകൊണ്ട് കരിങ്കൽ കുരിശിനു ചുറ്റും ചുറ്റുവിളക്കു കത്തിക്കുന്ന ഭക്തജനങ്ങളുടെ നീണ്ടനിര ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. മാതാവിനോടുള്ള ഭക്തിയും വണക്കവും പ്രകടിപ്പിക്കുന്നതിനായി ധാരാളമാളുകൾ മൂന്നുനോമ്പാചരണ സമയത്ത് കേരളത്തിനു അകത്തുനിന്നും പുറത്തുനിന്നും കടുത്തുരുത്തിയിലേക്ക് പ്രവഹിച്ചു കൊണ്ടിരിക്കുന്നു.

നാട്ടിലുള്ള വിശ്വാസികളിൽ കണ്ടുവരുന്ന വലിയമാറ്റം ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. ഭൗതിക പ്രൗഢിയേക്കാൾ വലുത് ദൈവാശ്രയമാണെന്ന് ദൈവജനം തിരിച്ചറിഞ്ഞിരിക്കുന്നു. ദൈവാലയങ്ങൾക്കു സംഭാവനകൾ നല്കുന്നവർ അനവധി. ഭക്ത്യാഡംബരപൂർവ്വം തിരുന്നാളുകൾ നടത്തുവാൻ പലരും തയ്യാർ. ഞായറാഴ്ചകളിൽ ഭക്തജനങ്ങളെകൊണ്ട് നിറഞ്ഞു കവിയുന്ന പള്ളികൾ. ഇട ദിവസങ്ങളിൽ കുർബാനക്ക് നിരവധിപേർ. അടിയും ബഹളവും ഉണ്ടായിരുന്ന പഴയ തിരുന്നാൾ പ്രദക്ഷിണങ്ങളിൽ നിന്നും വ്യത്യസ്തമായി കത്തിച്ച മെഴുകുതിരിയും കൈകളിലേന്തി പ്രാർത്ഥന ഉരുവിട്ട് ഭക്തർ നിരനിരയായി നടന്നുനീങ്ങുന്ന തിരുന്നാൾ പ്രദക്ഷിണങ്ങൾ. മുത്തുക്കുടകളും കുരിശും വിശുദ്ധരുടെ രൂപവും കൈകളിലേന്തുവാൻ ഭക്തരുടെ തിരക്ക്.

നാട്ടിലുള്ള ഈ വലിയ മാറ്റം ഉൾക്കൊള്ളുവാൻ വിദേശത്ത് നാമും തയ്യാറാകണം. രണ്ട് ദേവാലയങ്ങൾ സ്ഥാപിച്ച് ആദ്ധ്യാത്മികമായി സ്വയം പര്യാപ്തത കൈവരിച്ചിരിക്കുന്ന ചിക്കാഗോയുടെ കുളിർകാറ്റ് മറ്റിടങ്ങളിലേക്കും വ്യാപിക്കണം. ചിക്കാഗോയിലെ ഇരു ദൈവാലയങ്ങളിലും എത്തുന്ന ഭക്തജനങ്ങൾ തോളോട്തോൾ ചേർന്നുനിന്ന് ദൈവാശ്രയത്തിൽ അധിഷ്ഠിതമായ പുതിയ ഒരു തലമുറയെ കെട്ടിപ്പടുക്കുവാൻ തയ്യാറാകണം. ഭക്തിസാന്ദ്രമായ അന്തരീക്ഷവും ചുറ്റുപാടുകളും നമ്മുടെ പ്രവർത്തന പാതയിൽ വഴികാട്ടിയാകട്ടെ. ഈശോയുടെ ഹൃദയവും പരിശുദ്ധ അമ്മയുടെ അനുഗ്രഹവും നമുക്ക് ഉണർവും ബലവുമായി മാറുവാൻ പ്രാർത്ഥിക്കാം.

---

*(Continued from page 3)*

നുള്ള അസുലഭ ഭാഗ്യം ഇപ്പോൾ അമേരിക്കയിൽ മാത്രമേ ഉള്ളൂ. ഇവിടെ സീറോ-മലബാർ രൂപത ഉണ്ടായതാണ് ഈ അനുകൂല സാഹചര്യത്തിനു കാരണം.

ക്നാനായ മിഷനുകളും പള്ളികളും സ്ഥാപിക്കുന്നതുവരെ സമുദായാംഗങ്ങളെ സംഘടിപ്പിക്കുവാനും അവർക്കു സീറോ-മലബാർ ശുശ്രൂഷ ലഭ്യമാക്കുവാനും ക്നാനായ അല്മായ സംഘടനകൾ വഹിച്ച പങ്ക് പ്രശംസനീയമാണ്. അജപാലന രംഗമൊഴികെ എല്ലാ തലങ്ങളിലും സംഘടനയുടെ സേവനം ഇനിയും തുടരണം. എന്നാൽ, സംഘടയിലെ പാനൽ ഇലക്ഷൻ സമ്പ്രദായം കമ്മ്യൂണിറ്റിയുടെ ബന്ധങ്ങളിൽ ചില സ്ഥലങ്ങളിലെങ്കിലും ആന്തരിക മുറിവുണ്ടാക്കുന്നത് അനാരോഗ്യകരമാണ്. സംഘടനയുടെ ഭരണഘടനാപരമായ ജനാധിപത്യ സ്വഭാവത്തിൽ സംഘടനയിലെ തെരഞ്ഞെടുപ്പ് ഒഴിവാക്കുക പ്രയാസവുമാണ്.

കത്തോലിക്കാ സഭയുടെ കെട്ടുറപ്പുള്ള ഭരണ സംവിധാനവും വൈദികരുടെയും അത്മായ പ്രേഷിതരുടെയും നിസ്വാർത്ഥ സേവനവും ദൈവാലയ കേന്ദ്രീകൃത പ്രതിവാര കൂട്ടായ്മയും അമേരിക്കയിലെ ക്നാനായക്കാരിലും അവരുടെ വളരുന്ന തലമുറയിലും പുതിയൊരു ഉണർവ്വും പ്രതീക്ഷയും പകരുന്നുണ്ട്. ഇടവക സംവിധാനം വളരുന്നതോടൊപ്പം അല്മായ സംഘടനയേയും നാം പരിപോഷിപ്പിക്കണം. നമ്മുടെ സമുദായത്തിനു സാംസ്കാരികവും സാമൂഹ്യവും കായികവും കലാപരവുമായ അനവധി സംഭാവനകൾ നല്കുവാൻ സംഘടനയ്ക്കു കഴിയണം. അതോടൊപ്പം നമ്മുടെ ശാശ്വത ലക്ഷ്യമായ സ്വർഗീയ ജറുസലേമിലേയ്ക്കുള്ള യാത്രയ്ക്കാവശ്യമായ അജപാലന പ്രവർത്തനങ്ങളിലായിരിക്കണം ഇടവകകളും മിഷനുകളും ശ്രദ്ധകേന്ദ്രീകരിക്കേണ്ടത്. അതിനാവശ്യമായ ദൈവാലയങ്ങൾ നാം തീർത്ത് പള്ളി കേന്ദ്രീകൃതമായി ഉടരുവാൻ നാം ഉത്സാഹിക്കണം.

ഒത്തിരി സ്നേഹത്തോടെ,  
ഫാ. എബ്രഹാം മുത്തോലത്ത്

# Rosary: The Beads to Eternity



Tissy Njaravelil

"Rosary" means crown of roses. It is a spiritual bouquet given to our lady, Mother Mary, who has revealed to a number of people over the centuries that each time they say a "Hail Mary" they are giving her a beautiful spiritual rose. A whole rosary then gives her a crown of roses.

The Rosary is the most popular form of prayer in the world. It has been prayed by people of all ages and races for over 800 years. Tradition has it that Mother Mary appeared to St. Dominick in the 13th century and gave him the 15 mysteries to pray. In total it takes only 17 minutes to pray the rosary.

When we recite the rosary, we are praying through the life, death, and resurrection of our Lord Jesus Christ. Our lady blesses not only those who pray the rosary but she also highly rewards all those who teach others to pray it.

This year's religious education festival on Saturday, March 6th, will be an important day in our children's' spiritual lives. It will be a learning experience for all of them. Our theme this time is the Rosary *(Japamala)*. As each class is performing in Christian art form one decade of the Rosary, they are passing through the life, death, and resurrection of our Lord Jesus Christ.

May I urge all the parents to reinforce the importance of praying the Rosary everyday and to participate in this learning experience by inquiring about what decade your child's class is performing.

I would like to thank all the parents for bringing your children on time for the practices. May the good Lord bless us all through the intercession of Mother Mary and through our continued prayers for the success of this spiritual endeavor.

## നോമ്പിൽ കുരിശിന്റെ വഴി

അമ്പതു നോമ്പിലെ വ്യാഴാഴ്ചകളിൽ കമ്മ്യൂണിറ്റി സെന്ററിലും വെള്ളിയാഴ്ചകളിൽ മേവുഡ് പള്ളിയിലും വൈകുന്നേരം 7:00ന് വിശുദ്ധ കുർബ്ബാനയെ തുടർന്ന് കുരിശിന്റെ വഴി (സ്ലീവാപാത) നടത്തുന്നതാണ്.



## 11th Anniversary

**02-18-2010**

In loving memory of



**K.J. Mathai**
**Kannothara, Peroor**

## 4th Anniversary

**02/21/2010**



**Chandy (Kuttappan)**
**Karuthedam, Ettumanoor**

By Children: Thankachan, Benny, Biju and Bini

## സീറോമലബാർ സഭാ പഞ്ചാംഗം

**ഫെബ്രുവരി 18 വ്യാഴം**
റോമാ 2:28-3:26 എല്ലാവരും പാപികൾ.
മത്താ 6:19-34 ദൈവപരിപാലനയിൽ ആശ്രയിക്കുക.
**ഫെബ്രുവരി 19 വെള്ളി**
റോമാ 3:31-4:25 അബ്രാഹത്തിന്റെ വിശ്വാസം.
മത്താ 7:1-14 ആരെയും വിധിക്കരുത്.
**ഫെബ്രുവരി 20 ശനി**
റോമാ 3:21-26 വിശ്വസിക്കുന്നവനു നീതി ലഭിക്കുന്നു.
മത്താ 6:9-15 ഈശോ പഠിപ്പിച്ച പ്രാർത്ഥന.
**ഫെബ്രുവരി 21 ഞായർ +നോമ്പ് രണ്ടാം ഞായർ**
ഉത്പ 5:19-31 മനുഷ്യൻ മരണവിധേയൻ.
റോമാ 6:1-23 മിശിഹായിൽ നവജീവിതം.
മത്താ 7:15-27 നല്ല ഫലം കായ് ക്കാത്ത വൃക്ഷം വെട്ടി തീയിലെറിയപ്പെടും.
**ഫെബ്രുവരി 22 തിങ്കൾ**
തീത്തോ 3:1-8 മെശയാനിക് ജീവിത നിയമങ്ങൾ
മർക്കോ 7:14-23 ആന്തരികവും ബാഹ്യവുമായ വിശുദ്ധി
**ഫെബ്രുവരി 23 ചൊവ്വ വി.പൊലിക്കാർപ്പ്**
2 കോറി 6:4-10 ഞങ്ങൾ ദാസന്മാർ
ലൂക്കാ 11:43-53 പ്രവാചകന്മാർ പീഡിപ്പിക്കപ്പെടും
**ഫെബ്രുവരി 24 ബുധൻ**
എഫേ 2:11-21 ഈശോമിശിഹായാകുന്ന മൂലക്കല്ല്
മത്താ 13:53-58 സ്വന്തം നഗരത്തിൽ തിരസ്കരിക്കപ്പെടുന്ന പ്രവാചകൻ
**ഫെബ്രുവരി 25 വ്യാഴം**
റോമാ 3:1-8 ദൈവത്തിന്റെ നീതിയും വിശ്വസ് തതയും
മത്താ 5:33-37 ആണയിടരുത്
**ഫെബ്രുവരി 26 വെള്ളി**
റോമാ 7:1-13 ദൈവകല് പന വിശുദ്ധവും ന്യായവും നല്ലതും
മർക്കോ 11:27-12:12(11:27-33) ഈശോയുടെ അധികാരം
**ഫെബ്രുവരി 27 ശനി**
റോമാ 7:1-6 ആത്മാവിന്റെ പുതുമയുള്ള ശുശ്രൂഷ
മർക്കോ 12:28-34 സ്നേഹത്തിന്റെ കല് പന
**ഫെബ്രുവരി 28 ഞായർ + നോമ്പ് മൂന്നാം ഞായർ**
ഉല്പത്തി 7:1-24 ജലപ്രളയം
റോമാ 7:14-25 തിന്മക്കെതിരായ പോരാട്ടം
മത്താ 20:17-28 ഒന്നാമൻ ഏവരുടെയും ദാസൻ







Photos of pothuyogam held at OLV church to select the trustees and volunteers for Morton Grove Church and to decide on the Holy Mass Schedule.

## PASSION PLAY TOUR TO MUNSTER, INDIANA
**340 W. 45th Street, Munster, IN 46321.**



Sacred Hear Parish & St. Mary's Unit are organizing a tour to attend JESUS OF NAZARETH, a live passion play at Munster, Indiana directed by Steve Munsey. The program we attend will be on **Saturday March 20th at 2:30 P.M.** For reservation in our group please register with our coordinators Thankamma Nediyakalayil or Johnykutty Pillaveettl. Fee is $20 in advance for ticket purchase.

**READINGS & READERS** നോമ്പ് രണ്ടാം ഞായർ

| February 21 | PASSAGE | MALAYALAM MASS | ENGLISH MASS | ST. MARY'S UNIT |
|---|---|---|---|---|
| 1st Reading | Genesis 5:19-31 | Roy Kannothara | Arun Kothaladiyil | Allu Kulangara |
| 2nd Reading | Romans 6:1-23 | Gracy Vachachira | Jasmine Pazhayampally | Peena Manappally |

**READINGS & READERS** നോമ്പ് മൂന്നാം ഞായർ

| February 28 | PASSAGE | MALAYALAM MASS | ENGLISH MASS | ST. MARY'S UNIT |
|---|---|---|---|---|
| 1st Reading | Genesis 7:1-24 | Jose Idiyalil | Nikhil Chakariamthadathil | Swetha Urumpil |
| 2nd Reading | Romans 7:14-25 | Sherly Thottumkal | Ashley Machanickal | Denny Thuruthuvelil |

## ധ്യാന വിജയത്തിനായുള്ള പ്രാർത്ഥന

സ്നേഹപിതാവായ ദൈവമെ / ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു / സ്തുതിക്കുന്നു / അങ്ങേക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങ് ഞങ്ങൾക്കായി ഒരുക്കിയിരിക്കുന്ന / ധ്യാനദിവസങ്ങളെ ഓർത്ത് / ഞങ്ങൾ അങ്ങയെ മഹത്ത്വപ്പെടുത്തുന്നു. ഞങ്ങളുടെ ആദ്ധ്യാത്മിക നവീകരണത്തിനും വളർച്ചയ്ക്കും / ഉപയുക്തമാകും വിധം അവിടുത്തെ വചന സമൃദ്ധി / ഞങ്ങൾക്കേകണമേ. ഒരു നവസൃഷ്ടിയായി / ക്രിസ്തുവിൽ വീണ്ടും ജനിക്കുവാൻ / ദൈവമെ / ഞങ്ങളുടെ ജീവിതത്തിൽ ഇടപെടണമേ. ദൈവിക രഹസ്യങ്ങളിലേക്കും / രക്ഷയുടെ അനുഭവത്തിലേക്കും / ആഴപ്പെടാൻ തക്കവിധം / പരിശുദ്ധാത്മാവിന്റെ ദാനങ്ങളാലും വരങ്ങളാലും, ഫലങ്ങളാലും ഞങ്ങളെ നിറയ്ക്കേണമേ.

ഹൃദയപൂർവ്വം തന്നെ സമീപിക്കുന്നവർക്ക് / കർത്താവു സമീപസ്ഥനാണ്. ദൈവമേ ഞങ്ങൾ മുഴുഹൃദയത്തോടെ / നിറഞ്ഞ മനസ്സോടെ / അങ്ങയുടെ അരികിലായിരിക്കുന്നു. ഇടപെടണമേ / രൂപാന്തരപ്പെടുത്തണമേ / സ്പർശിക്കണമേ / അനുഗ്രഹിക്കണമേ. ഈ ധ്യാന ദിനങ്ങളിൽ / ഞങ്ങളുടെ കുടുംബം മുഴുവനും / വചന വിരുന്നിൽ പങ്കാളികളാകുവാനും / ഞങ്ങളുടെ ഇടവകാകുടുംബം / ഏകോദരസഹോദരങ്ങളെപ്പോലെ / കൂട്ടായ്മയിലും പങ്കുവെയ്ക്കലിലും / വളരാൻ ഇടയാക്കണമേ. ധ്യാന ചിന്തകൾ പങ്കുവെക്കുന്ന / അങ്ങയുടെ എളിയ ദാസനെ അനുഗ്രഹിക്കണമേ. പിതാവും പുത്രനും / പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ആമ്മേൻ.

എത്രയും ദയയുള്ള മാതാവെ............

| OFFERINGS | Feb. 14 |
|---|---|
| **ST. MARY'S** Regular Offering | 316.00 |
| Building Fund | 1,900.00 |
| Piggy Bank by children | 5,846.00 |
| **TOTAL ST. MARY'S** | **8,062.00** |
| Regular Offering | 2,346.00 |
| English Mass | 61.63 |
| Jubilee Souvenir sponsors | 2,500.00 |
| Guadalupe Shrine | 84.00 |
| Building Fund | 25.00 |
| Women Ministry: Birthday Sponsors | 100.00 |
| Piggy Bank | 30.00 |
| Other receipts Bulletin Advertisements | 940.00 |
| **TOTAL MAYWOOD** | **6,086.63** |
| **Agape Store (Charity)** | **60.00** |
| **THANK YOU FOR YOUR SUPPORT** | |

### For Favors Received



- Muriparambil Family

### For Favors Received



- ഒരു വിശ്വാസി

## PRE-MARRIAGE COURSE

Next Marriage Preparation course by our parish / Knanaya Catholic Region will be from Friday March 12th evening to Sunday March 14th afternoon. For reservations contact Tonny Pullappally at 630-205-5078 / tonny-john@hotmail. com

YOU INVITE THE GUESTS, WE DO THE REST

**Malabar**
Catering & Carry-out

**Professional with 11 years experience in catering.**
Call
**WILLIAM GEORGE**
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

*Special thanks to the lawyer who helped us with the purchase of St. Mary's Church in Morton Grove.*

**Frank J. Zangara, Ltd.**
7115 Virginia Rd., Suite 116
Crystal Lake, IL 60014.
Phone 815-444-9528, Fax 815-444-9569
**Frank J. Zangara**, Attorney at Law

**Tax Services / Mortgage Services**
**Sabu Madathiparambil**



Cell: 847-276-7354/ 847-918-0242
sabuaphilip@hotmail.com
1600, Dempster St. Suite-205,
Park Ridge, IL-60068.
(Opp. to Lutheran General Hospital).
Illinois Residential Mortgage Licensee
Professional Mortgage Solutions, Inc
EQUAL HOUSING LENDER
PMSI

**WALDEN CAR CARE CENTER**
*Auto Repair With Personal Care*
**ALEX THECCANAT**
**Mon-Fri 8AM SAT 8AM to 3PM**



1601 East Algonquin Road
Schaumburg, (847) 397-2244
Cell: (847) 962-4153
Brakes, Tune up, Fuel Injection, Engine Performance, Tires-Balance, Computer Service, Transmissions & All Auto Works.

*Your Rehab Specialists*

**Pro-Rehab Services, P.C.**
&
Choicecare Home Health, Inc.



CHOICE CARE Home Health Inc.
Palos Heights and Tinley Park
(708) 489 6PRS or (708) 489-0123
www.pro-rehabservices.com
www.choicecarehh.com

Best Compliments from the Mutholath Family

